അബ്ദുല്ല മൻഹാം

# സ്വർഗീയാനുഗ്രഹങ്ങളെ പരിചയപ്പെടുത്തുന്ന പദങ്ങൾ

വിശുദ്ധ ഖുർആൻ സ്വർഗത്തിലെ അനുഗ്രഹങ്ങളെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച ചില പദങ്ങളെ പരിചയപ്പെടാം.

അടിമകളുടെ വിശ്വാസവും കർമവും വിലയിരുത്തി ഉടമയായ അല്ലാഹു നൽകുന്ന പ്രതിഫലമാണല്ലോ സ്വർഗം. പ്രതിഫലത്തിന് جَزَاء എന്നാണ് ഖുർആൻ ഉപയോഗിച്ച ഒരു പദം. ഇത് 36 തവണ ആവർത്തിച്ചിട്ടുണ്ട്. ال ചേർത്ത് ഒരു തവണ മാത്രം. അത് സൂറ *അന്നജ്മി*ലെ 41-ാം ആയത്താണ്.

وَأَمَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَلَهُۥ جَزَآءً ٱلْحُسْنَىٰ

(എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്യുന്നവന് ഉത്തമമായ പ്രതിഫലമുണ്ട്- *അൽകഹ്ഫ്* 88). ഉത്തമമായ പ്രതിഫലം - الْحُسْنَى - സൂചിപ്പിക്കുന്നത് സ്വർഗത്തെയാണെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.

പ്രതിഫലത്തിന് أَجْر (അജ്ർ) എന്നും ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്. ബഹുവചനം أُجُور (ഉജൂർ). രണ്ടും കൂടി 105 തവണ ആവർത്തിച്ചതായി കാണുന്നു

സ്വർഗത്തിൽ പല പദവികളുണ്ടെന്ന് നാം മനസ്സിലാക്കിയതാണ്. ആളുകളുടെ കർമത്തിന്റെ മഹത്വവും വർധനവും അനുസരിച്ച് പദവികളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവും.

പദവിക്ക് دَرَجَة(ദറജഃ) എന്നാണ് അറബി പദം. ബഹുവചനം دَرَجَاتٌ (ദറജാത്ത്). അൽ (ال) ചേർത്ത് രണ്ട് തവണയും അല്ലാതെ 16 തവണയുമായി മൊത്തം 18 തവണ ആവർത്തിച്ചിരിക്കുന്നു. പദവി, തട്ട്, സ്ഥാനം എന്നൊക്കെ അതിന് അർഥമുണ്ട്.

സ്വർഗവാസികളുടെ ഇണകളുടെ വിശേഷണങ്ങൾ ഖുർആൻ വർണിക്കുന്നുണ്ട്. ആണിനും പെണ്ണിനും زَوْجٌ എന്ന പദമാണ് വിശുദ്ധ ഖുർആൻ ഉപയോഗിച്ചത്. അർഥം ഇണ. ഏകവചനവും ബഹുവചനവും (ازواج) ചേർത്താൽ 76 തവണ ഖുർആൻ ഇത് ആവർത്തിച്ചിട്ടുണ്ട്.

വാതിൽ എന്നതിന് بَابٌ (ബാബ്) എന്നാണ് പ്രയോഗം. ബഹുവചനം أَبْوَابٌ (അബ്‌വാബ്). സ്വർഗത്തിന് എട്ട് വാതിലുകളാണെന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസുകളിൽ കാണാം. ആകെ 27 തവണ بَابٌ/أَبْوَاب എന്നീ പദങ്ങൾ ആവർത്തിച്ചിരിക്കുന്നു. വാതിൽ, പ്രവേശന കവാടം, ഗേറ്റ് എന്നൊക്കെ അർഥം പറയാം.

സ്വർഗത്തിലെ സമ്മാനങ്ങളും അവിടത്തെ അനുഗ്രഹങ്ങളും വാക്കുകൾക്കതീതമാണ്. 'ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരാളുടെ മനസ്സും സങ്കൽപിച്ചിട്ടില്ലാത്തതുമായ' പ്രതിഫലങ്ങളാണ് അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത് എന്ന് റസൂൽ(സ) പറഞ്ഞതായി ബുഖാരി, മുസ്‌ലിം, തിർമിദി, മുസ്‌നദ് അഹ്‌മദ് എന്നീ ഹദീസ് ഗ്രന്ഥങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഇതേ ആശയം വിശുദ്ധ ഖുർആനിലെ *അസ്സജദ* സൂറയിൽ ഇങ്ങനെ വായിക്കാം.

فَلَا تَعْلَمُ نَفْسٌ مَّآ أُخْفِىَ لَهُم مِّن قُرَّةِ أَعْيُنٍ جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ

(അവരുടെ കർമങ്ങൾക്കുള്ള പ്രതിഫലമായി അവർക്കുവേണ്ടി രഹസ്യമായി സൂക്ഷിക്കപ്പെട്ട, കണ്ണുകൾക്ക് കുളിർമ നൽകുന്ന സമ്മാനങ്ങൾ എന്താണെന്ന് യാതൊരാൾക്കും അറിഞ്ഞുകൂടാ- 32:17).

സ്വർഗവാസികൾക്ക് ലഭിക്കുന്ന അതിവിശിഷ്ടമായ ഭക്ഷണ പദാർഥങ്ങളിൽ ചിലത് ഖുർആൻ എടുത്തു പറഞ്ഞിട്ടുണ്ട്. അവക്ക് ഉപയോഗിച്ച ചില പദങ്ങളാണ് താഴെ:

| പദം | അർഥം | ആവർത്തനം/സൂറ |
|---|---|---|
| فَاكِهَةٌ (ഫാകിഹഃ) | പഴം | 11 തവണ. ഉദാ: 36:57, 43:73, 55:11, 55:52, 55:68 |
| (ج) فَوَاكِه (ഫ്‌വാകിഹ്) | പഴങ്ങൾ | 3 തവണ. 23:19, 37:42, 77:42 |
| ثَمَرَةٌ | പഴം, ഫലം | 1 തവണ (2:25) |
| (ج) ثَمَرَاتٌ | | 16 തവണ. (ഉദാ: 2:22, 2:126, 2:155, 2:266) |
| ثَمَرٌ | | 5 തവണ. ഉദാ: 6:99 |
| عَسَلٌ | തേൻ | ഒരു തവണ. (47:15). സ്വർഗത്തിലെ വിഭവങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ തേനിന് عسل എന്ന് ഉപയോഗിച്ചു. നാം കാണുന്ന തേനീച്ചയുടെ തേനിനെക്കുറിച്ച് പറഞ്ഞപ്പോൾ شَرَاب എന്നാണ് പ്രയോഗം. പാനീയം എന്നും അർഥം പറയാം (16:69) |
| لَحْمٌ (ج) لُحُومٌ | മാംസം | ഏകവചനം 11 തവണ. ബഹുവചനം ഒരു തവണ. ഉദാ: 52:22, 56:21, 22:37 |

ഈ ലക്കത്തിൽ നാം വിശുദ്ധ ഖുർആനിലെ മുന്നൂറിൽ പരം പദങ്ങൾ കൂടി പഠിച്ചു. നാഥാ, ഞങ്ങൾക്ക് അറിവ് വർധിപ്പിച്ചുതരേണമേ, ആമീൻ.